"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ക്ഷീരവികസന വകുപ്പിൽ Plan progress update ചെയ്യുന്നതിന് Plan Space Nodal Officer ആയി ക്ഷീരവികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.59/2024/DD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-

1. 28.04.2023 തീയതിയിലെ സ.ഉ (സാ.ധാ) നം. 168/2023/AHD നമ്പർ സർക്കാർ ഉത്തരവ്
2. 27.03.2024 തീയതിയിലെ സ.ഉ (സാ.ധാ) നം. 152/2024/AHD നമ്പർ സർക്കാർ ഉത്തരവ്
3. 04.05.2024 തീയതിയിലെ പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ നിന്നുള്ള പനിവിനി-1/128/2023/പനിവിനിവ-പാർട്ട്(3) നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ അതാത് ഭരണ വകുപ്പിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഡപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ, Plan Space Nodal Officer എന്നിവർ പങ്കെടുക്കണമെന്ന് പരാമർശം (3) പ്രകാരം പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ വിവിധ പോർട്ടലുകളുടെ നോഡൽ ഓഫീസറായി ക്ഷീരവികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയെ പരാമർശം (1) ഉത്തരവ് പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തിക ഫിഷറീസ് വകുപ്പിലേക്ക് മാറ്റിയ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിന്റെ ചുമതലകൾ മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയ്ക്ക് നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പിൽ Plan progress update ചെയ്യുന്നതിന് Plan Space Nodal Officer ആയി ക്ഷീരവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.ഷിബു എ.റ്റി (പെൻ നം. 132334) - യെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ABHILASH S

അണ്ടർ സെക്രട്ടറി

പകർപ്പ്:-

ശ്രീ.ഷിബു എ.റ്റി, അഡീഷണൽ സെക്രട്ടറി, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വിഭാഗം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 21-05-2024 10:52:17

സെക്ഷൻ ഓഫീസർ